## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2016 10.10.2011-ൽ മറുപടിയ്ക്ക്**

### തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; | (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സമഗ്രവും നവീനവുമായ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ട്. ഇതിലേക്കായി 6 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവർത്തിക്കുന്ന ഒരു സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം, മെഡിക്കൽ ലാബ് ടെക്നോളജി ബ്ലോക്കിന്റെ നിർമ്മാണം, ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണം തുടങ്ങി വിവിധ നിർമ്മാണ പ്രവർത്തനങ്ങളും അത്യാധുനിക മെഡിക്കൽ ഉപകരണങ്ങളായ കാത്ത് ലാബ്, സി.റ്റി.സ്കാനർ, എം.ആർ.ഐ. സ്കാനർ, അനസ്തേഷ്യാ മെഷീൻ, ഹൈ റസല്യൂഷൻ ക്യാമറാ, ഇൻഫ്യൂഷൻ പമ്പ്, സിറിഞ്ച് തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, വേസ്റ്റ് മാനേജ്മെന്റ്, വാട്ടർ സപ്ലൈ, മാനവശേഷി വികസനം എന്നിവ ഉൾപ്പെടുന്നു. വെന്റിലേറ്ററുകൾ ഉൾപ്പെടെ ഇതുവരെ 36 ഓളം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ബാക്കിയുള്ളവ വാങ്ങുന്നതിലേക്കായുള്ള നടപടി പുരോഗമിക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി 2 ഐ.സി.യൂണിറ്റുകൾ, 8 ഓപ്പറേഷൻ തീയേറ്ററുകൾ 250 ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള വാർഡുകൾ ഉൾപ്പെടെയുള്ള 6 സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളോട് കൂടിയ കെട്ടിട നിർമ്മാണം, മെഡിക്കൽ ലബോറട്ടറി ടെക്നോളജിക്കു വേണ്ടിയുള്ള ബ്ലോക്കിന്റെയും നേഴ്സിംഗ് പി.ജി. ബ്ലോക്കിന്റെയും നിർമ്മാണം, സെൻട്രൽ ലാബിന്റെ നിർമ്മാണം, എസ്.എ.റ്റി. ആശുപത്രിയിലെ ഗോൾഡൻ ജൂബിലി ബ്ലോക്കിന്റെ നിർമ്മാണം, പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം എന്നിവയാണ് നടത്തിയിട്ടുള്ളത്. കോളേജിന്റെ വികസനത്തോടൊപ്പം മാനവ ശേഷിയും വികസി |

| | |
|---|---|
| | പ്പിക്കുന്നതിന്റെ ഭാഗമായി 85 നേഴ്സുമാരടക്കം 135 പേരെ 10 വിഭാഗങ്ങളിലായി നിയമിക്കുന്നതിനുള്ള തസ്തിക സൃഷ്ടിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24 മണിക്കൂറും രോഗികൾക്ക് സേവനം ലഭ്യമാക്കുന്ന തിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) രാത്രി സമയത്ത് വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) അത്യാഹിത വിഭാഗത്തിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക് മെഡിസിൻ, പീഡിയാട്രിക് സർജറി, ഓർത്തോ, ഗൈനക്, ഇ.എൻ.റ്റി എന്നീ വിഭാഗങ്ങളിൽ നിന്നെല്ലാമുള്ള കൺസൽറ്റൻസി സർവ്വീസ് നിലവിലുണ്ട്. കൂടാതെ ജൂനിയർ റസിഡന്റ്സ്, സീനിയർ റസിഡന്റ്സ്,പി.ജി.ഡോക്ടേഴ്സ് . എന്നിവരുടേയും ക്വാളിഫൈഡ് ഡോക്ടേഴ്സിന്റെയും സേവനം ലഭ്യമാണ്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഡോക്ടേഴ്സിന്റെ ഓൺ കോൾ ഡ്യൂട്ടിയും ലഭ്യമാണ്. |
| (സി) ഇൻപേഷ്യന്റ് വിഭാഗം കൂടുതൽ ഫലപ്രദമാക്കുന്ന തിനായി കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) നിലവിൽ നാഷണൽ സ്റ്റാൻഡേർഡ് അനുസരിച്ചാണ് ബെഡ്, സ്റ്റാഫ് എന്നിവ തയ്യാറാക്കിയിരിക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ